**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2669** **12-07-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളുടെ വികസനത്തിനായുള്ള അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന നിർവ്വഹണ ഏജൻസി ഏതാണ്; പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുക്കുന്ന രീതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (സി) | 18.03.2017 തീയതിയിലെ സ.ഉ. (കൈ) നം.15/2017/പജപവവിവ പ്രകാരം അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ നിർവഹണ ഏജൻസിയായി അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് ചുമതലപെടുത്തിയിരുന്നത്. നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം ബന്ധപെട്ട എം എൽ എ മാർ നിർദ്ദേശിക്കുന്ന സർക്കാർ ഏജൻസികൾക്കും നിർവഹണ ചുമതല നൽകുവാൻ വ്യവസ്ഥയുണ്ടായിരുന്നു . എന്നാൽ 03.12.2021 ൽ പുറപ്പെടുവിച്ച പരിഷ്കരിച്ച (സ.ഉ. (കൈ) നം.54/2021/പജപവവിവ) ഉത്തരവ് പ്രകാരം, നിർമ്മിതി കേന്ദ്രങ്ങൾക്കു പുറമെ 4.7.2019ലെ സ.ഉ. (അച്ചടി) നം. 77/2019/ഫിൻ പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റു അംഗീകൃത സർക്കാർ ഏജൻസികളെയും പദ്ധതി നിർവഹണത്തിനായി ചുമതല പ്പെടുത്താവുന്നതാണ്. |
| (ഡി) | മഞ്ചേരി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമ പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പ്രസ്തുത മണ്ഡലത്തിൽ നിന്നും 2019-20 വർഷത്തിൽ ഉൾപ്പെടുത്തിയ ആര്യംപാടം കുറുങ്കാട്ടുകുന്ന കോളനിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 98ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളിൽ |

| | | | |
|---|---|---|---|
| | | | ബാക്കിയായ തുകയ്ക്ക് ഉൾപ്പെടുത്തേണ്ട അഡീഷണൽ വർക്കുകൾ 21.06.2022-ൽ നടന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നിർവഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തോട് നിർദേശിച്ചിട്ടുണ്ട് . (2016- 17) വർഷത്തിൽ ഉൾപ്പെടുത്തിയ ആമയൂർ ചക്കിങ്ങൽകണ്ടി, ഏറാഞ്ചേരി കോളനികളിൽ കുടിവെള്ള പദ്ധതി ഒഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ് 2022 ജൂലൈയിൽ മുഴുവൻ പ്രവൃത്തികളും പൂർത്തികരിക്കുന്നതാണെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്.<br><br>അംബേദ്കർഗ്രാമ വികസന പദ്ധതി (2021-22)-ൽ ഉൾപ്പെട്ട പാക്കരത്ത് പട്ടികജാതി കോളനിയിലും ആനക്കോട് പട്ടികജാതി കോളനിയിലും പ്രഥമ യോഗം കൂടിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ